(5) മത്സ്യത്തൊഴിലാളികൾക്ക് പുതിയ മണ്ണെണ്ണ പെർമിറ്റ്

ശ്രീ. എം. ദാസൻ : സർ, പുതിയ മണ്ണെണ്ണ പെർമിറ്റ് ലഭിക്കാത്തതിന്റെ ഫലമായി തീരപ്രദേശത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടിലേയ്ക്കാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കാനുള്ളത്. മത്സ്യഫെഡിൽനിന്നും വായ്പയെടുത്ത് വഞ്ചിയും വലയും വാങ്ങി മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾ വലിയ വില കൊടുത്ത് മണ്ണെണ്ണ വാങ്ങി ജോലി ചെയ്യുന്ന അവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. ഇത് വലിയ സാമ്പത്തിക ബാധ്യതയായി മാറുകയാണ്. അതിന്റെ ഫലമായി മത്സ്യഫെഡിൽനിന്നും വാങ്ങിയ വായ്പ യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാതെ തൊഴിലാളികൾ വലിയ പ്രയാസം നേരിടുകയാണ്. മത്സ്യബന്ധനത്തിന് എന്ന പേരിൽ വ്യാജപെർമിറ്റ് നേടി മണ്ണെണ്ണ വാങ്ങി കരിഞ്ചന്തയിൽ വിൽക്കുന്ന ഏർപ്പാട് ഈ മേഖലയിൽ നിലനിൽക്കുന്നുണ്ട്. വ്യാജ പെർമിറ്റ് തടയുന്നതിനുവേണ്ടി ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്താനുള്ള തീരുമാനം നേരത്തെ എടുത്തിരുന്നു. ഇപ്പോൾ മൺസൂൺ കാലം ആയതുകൊണ്ട് അത് മാറ്റിവച്ചിരിക്കുകയാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വ്യാജ പെർമിറ്റ് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതോടൊപ്പംതന്നെ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്കും മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുകൊണ്ട് ഈ മേഖലയിലെ തൊഴിലാളികളെ രക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് അടിയന്തിരമായി ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, കേന്ദ്രത്തിൽനിന്നും രണ്ടു കാര്യങ്ങൾക്കേ മണ്ണെണ്ണ അനുവദിച്ചിട്ടുള്ളൂ. ഒന്ന്, വിളക്ക് കത്തിക്കാൻ. മറ്റൊന്ന്, പാചകാവശ്യത്തിന്. മത്സ്യബന്ധനത്തിനൊക്കെ നമ്മൾ കുറേശ്ശെ കൊടുക്കുന്നുവെന്നേയുള്ളൂ. നമുക്ക് ആവശ്യമുള്ളത് 38,280 കിലോലിറ്റർ മണ്ണെണ്ണയാണ്. അത് നാഷണൽ പെർക്യാപിറ്റാ അലോട്ട്മെന്റ് അനുസരിച്ചാണ് നമുക്ക് കിട്ടേണ്ടത്. പക്ഷെ നമുക്ക് കിട്ടുന്നത് 32,347 കിലോലിറ്റർ മാത്രമാണ്. ഇതിൽനിന്നും 4798 കിലോലിറ്റർ മണ്ണെണ്ണ മത്സ്യബന്ധനത്തിനായി കൊടുത്തിട്ടുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ, ഇതിൽ ഫ്രാഡായിട്ട് വാങ്ങുന്നവരുണ്ട്. അല്ലാതെ വാങ്ങുന്നവരുണ്ട്. ഇതിനെക്കുറിച്ച് അന്വേഷിക്കാൻ ഒരു ജോയിന്റ് വെരിഫിക്കേഷന് തീയതി നിശ്ചയിച്ചിരുന്നതാണ്. മഴക്കാലത്ത് അത് വിഷമമായതുകൊണ്ട് മഴ കഴിഞ്ഞാലുടൻ തന്നെ ജോയിന്റ് വെരിഫിക്കേഷൻ നടത്തും. വെരിഫിക്കേഷൻ നടത്തി കഴിഞ്ഞതിനുശേഷം ഇത് യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്കുതന്നെ കിട്ടത്തക്കവണ്ണം മത്സ്യഫെഡിന് ഒരു ഏജൻസി ഉണ്ടാക്കത്തക്കരീതിയിലുള്ള ഒരു പുതിയ സംവിധാനത്തെ സംബന്ധിച്ച് ഞാനും ഫിഷറീസ് വകുപ്പ് മന്ത്രിയും കൂടി ഒരു ചർച്ച നടത്തി പ്രാരംഭമായ ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ഈ വെരിഫിക്കേഷൻ കഴിഞ്ഞാലുടനെ തന്നെ ജന്യൂവിനായി മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് മണ്ണെണ്ണ കിട്ടാനുള്ള സംവിധാനം ഉണ്ടാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly